# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2248 — 8.05.2017-ൽ മറുപടിയ്ക്ക്

## ദേശീയ സംസ്ഥാന പാതകളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ: | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കേരളത്തിലെ ദേശീയ പാതകളിലും സംസ്ഥാന പാതകളിലും സൈൻ ബോർഡ് സ്ഥാപിക്കുവാൻ പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കേരളത്തിലെ ദേശീയ പാതകളിലും സംസ്ഥാന പാതകളിലും സൈൻ ബോർഡ് സ്ഥാപിക്കുവാൻ പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിനു വേണ്ടി റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) എല്ലാ സാമ്പത്തിക വർഷവും സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും, മുമ്പ് സ്ഥാപിച്ച സൈൻ ബോർഡുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനും, പദ്ധതിയേതര ഫണ്ട് അനുവദിക്കാറുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ പദ്ധതിയേതര ഫണ്ട് അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 2012 – 13 | 1.6 കോടി രൂപ |
| 2013 – 14 | 1.76 കോടി രൂപ |
| 2014 - 15 | 1.76 കോടി രൂപ |
| 2015 – 16 | 1.76 കോടി രൂപ |
| 2016 – 17 | 1.76 കോടി രൂപ |

മേൽപ്പറഞ്ഞ ഫണ്ട് കൂടാതെ കേരള റോഡ് ഫണ്ട് സുരക്ഷാ അതോറിറ്റിയിൽ നിന്നും സംസ്ഥാനത്തുടനീളം വിവിധ തരം സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതി - നായി 2009-ൽ 6.1 കോടി രൂപ അനുവദിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| (സി) | സൈൻ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (സി) | പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ ഐ.ആർ.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് ആവശ്യമായ സൈൻ ബോർഡുകൾക്ക് എസ്റ്റിമേറ്റ് അതാത് സെക്ഷൻ ഓഫീസിൽ നിന്നും തയ്യാറാക്കി ഭരണാനുമതിയ്ക്കായി ഡിവിഷൻ ഓഫീസുകൾ വഴി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിക്കുകയും, ആയത് പരിശോധിച്ച് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രസ്തുത എസ്റ്റിമേറ്റ് സാങ്കേതികാനുമതി ലഭിച്ച ശേഷം പൊതുമരാമത്ത് വകുപ്പിന്റെ നടപടി ക്രമങ്ങൾ പാലിച്ച് ദർഘാസ് മുഖേന തിരഞ്ഞെടുക്കുന്ന കരാറുകാരന് പ്രവൃത്തി നിർവ്വഹണത്തിനുള്ള അനുമതി നൽകുകയും, അതുപ്രകാരം സൈൻ ബോർഡുകൾ സ്ഥാപിച്ചു വരികയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**